# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2365** 19.07.2016-ലെ മറുപടിയ്ക്ക്

**തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതു സർവ്വീസ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതു സർവ്വീസ് എന്ന ആശയം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; | (എ) | ത്രിതല പഞ്ചായത്തുകളിലെയും നഗര സഭകളിലെയും പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ മെച്ചപ്പെടുത്തുക, പദ്ധതിയുടെ ഏകോപനവും വിഭവ സമാഹരണവും കാര്യക്ഷമമാക്കുക, അധികാര വികേന്ദ്രീകരണം സ്ഥാപനവൽക്കരിക്കപ്പെടുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതുസർവ്വീസ് രൂപീകരണം എന്ന ആശയവുമായി സർക്കാർ മുമ്പോട്ട് പോകുന്നത്. |
| (ബി) | പുതുതായി രൂപീകരിച്ചിരിക്കുന്ന കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച നിലപാട് അറിയിക്കാമോ; | (ബി) | ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | പഞ്ചായത്ത് ഡയറക്ടർ ഓഫീസ് മാത്രം സ്വരാജ് ഭവനിലേയ്ക്ക് മാറ്റാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഓഫീസ് സ്വരാജ് ഭവനിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ.. | (സി) | പഞ്ചായത്ത് ഡയറക്ടറേറ്റിന് സ്വരാജ് ഭവനിൽ അനുവദിച്ച സ്ഥലം അപര്യാപ്തമായതിനാലും നിലവിൽ പഞ്ചായത്ത് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നത് സൗകര്യപ്രദമായ സ്ഥലത്തായതിനാലുമാണ് പഞ്ചായത്ത് ഡയറക്ടറേറ്റ് സ്വരാജ് ഭവനിലേയ്ക്ക് മാറ്റാത്തത്. എന്നാൽ പഞ്ചായത്ത് ഡയറക്ടറേറ്റിന്റെ |

ഭാഗമായുള്ള കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓഫീസ് സ്വരാജ്ഭവനിൽ പ്രവർത്തിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം ഓഫീസുകളാണ് ഇപ്പോൾ സ്വരാജ് ഭവനിൽ പ്രവർത്തിക്കുന്നത് എന്നറിയിക്കാമോ? | (ഡി) | 1. നഗരകാര്യ ഡയറക്ടറുടെ കാര്യാലയം.<br>2. ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം.<br>3. ഗ്രാമവികസന വകുപ്പ് കമ്മീഷണറുടെ കാര്യാലയം<br>4. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) കാര്യാലയം.<br>5. കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓഫീസ്<br>6. കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി (KREWS)<br>7. ശുചിത്വ മിഷൻ<br>8. ഇൻഫർമേഷൻ കേരള മിഷൻ<br>9. കമ്മീഷൻ ഫോർ ഡീസെൻട്രലൈസേഷൻ.<br>10. ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ<br>11. അർബൻ മാനേജ്മെന്റ് സെൽ & സ്റ്റേറ്റ് യൂണിറ്റ് ഓഫ് ആർ.പി.എം.സി. |

Beena

സെക്ഷൻ ഓഫീസർ